LIBRARY ARCHIVES Kerala Legislative Assembly

**ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാസ്ഥാപനങ്ങൾ**

212 (2450) പ്രൊഫ സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പൊതു മേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടോ യെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതു മേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

(ബി) ഇല്ല. 2010-11-ൽ ലാഭകരമായി പ്രവർത്തിച്ച 23 (ഇരുപത്തിമൂന്ന്) സ്ഥാപനങ്ങളിൽ 9 (ഒൻപത്) സ്ഥാപനങ്ങൾ 2013-14 കാലയളവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. (സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായി വരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.)

(സി) ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഗോള പ്രതിസന്ധിമൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലയ്ക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും ഇറക്കുമതിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിരുന്ന ഓർഡറുകളുടെ അപര്യാപ്തത, കാലപ്പഴക്കമുള്ള മെഷിനറികളുടെ തകരാറുകൾമൂലം ഉൽപ്പാദനത്തിൽ നേരിടുന്ന തടസ്സങ്ങൾ, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയ പ്രധാന കാരണങ്ങളാണ് സ്ഥാപന ങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

(ഡി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിലെ കണക്കുകൾ പ്രകാരം 15 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.